(എ) ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കനുവദിക്കുന്ന തുക ലാപ്സാകാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കഴിഞ്ഞ 4 വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതു സംബന്ധിച്ച് ഏതൊക്കെ ഏജൻസികൾ പഠനം നടത്തുന്നുവെന്ന് സർക്കാരിന് അറിവുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന പഠന റിപ്പോർട്ടുകൾ കൂടി ഇതു സംബന്ധിച്ച അന്തിമ വിലയിരുത്തലിൽ ഉൾപ്പെടുത്തുമോ;

(ഇ) ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള പദ്ധതികൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പദ്ധതി വിഹിതത്തിന്റെ 75 ശതമാനം വിനിയോഗിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാക്കി 25 ശതമാനം ലാപ്സാകുന്നതല്ല എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം വളരെ നേരത്തെ തന്നെ പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുകയും പ്രോജക്ടുകൾ ഡി.പി.സി. അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ജനകീയാസൂത്രണ പദ്ധതി വിലയിരുത്തുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയും ജില്ലാ തലത്തിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകളും നടത്തുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പങ്കെടുത്ത് ജില്ലാതല റിവ്യൂ മീറ്റിംഗുകൾ വിളിച്ചു ചേർക്കുന്നുണ്ട്.

(സി) ജനകീയാസൂത്രണത്തിന്റെ ചില പ്രവർത്തനങ്ങൾ ഗവേഷണ സ്ഥാപനങ്ങളുടെയും ഗവേഷകരുടെയും ആഭിമുഖ്യത്തിൽ പഠനം നടത്തുന്നുണ്ട്.

(ഡി) ഇതു സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല.

(ഇ) ഉണ്ട്. വിവിധ തലത്തിലുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ യോജിച്ചു നടപ്പിലാക്കുന്ന "സമ്പൂർണ്ണ ഭവന പദ്ധതി" പോലുള്ള ബൃഹത്തായ പ്രോജക്ടുകൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കുവാൻ സർക്കാർ ഗ്യാരന്റി നൽകുന്നുണ്ട്.

97 (2253) ജനകീയാസൂത്രണ പദ്ധതിക്ക് അനുവദിച്ച തുക ലാപ്സാവുന്നത് ഒഴിവാക്കാൻ നടപടി

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയ തുക ലാപ്സാകുന്നതൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദിച്ചു നൽകിയ തുക ലാപ്സാകാൻ ഇടയാക്കുന്നവരുടെമേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ത്രിതല പഞ്ചായത്തുകൾക്ക് നൽകിവരുന്ന പദ്ധതി വിഹിതം അടുത്ത സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനങ്ങൾ സർക്കാരോ മറ്റ് ഏജൻസികളോ സംഘടനകളോ വ്യക്തികളോ വിലയിരുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി നൽകുകയും വിശദാംശങ്ങൾ അറിയിക്കുകയും ചെയ്യാമോ?

ഉത്തരം

(എ) പദ്ധതി വിഹിതത്തിന്റെ 75 ശതമാനം വിനിയോഗിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാക്കി 25% ലാപ്സാകുന്നതല്ല എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം നേരത്തെ പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുകയും പ്രോജക്ടുകൾ ഡി. പി.സി. ക്ലിയർ ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി വിഹിതം 75%-ൽ കുറവു ചെലവാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുറവു വരുന്ന സംഖ്യ അടുത്ത വർഷത്തെ അലോട്ടുമെന്റിൽനിന്നും കുറവു ചെയ്യുന്നതാണ്.

(സി) വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ലാത്തതിനാൽ വ്യക്തമായ വിവരം ലഭ്യമല്ല.

(ഡി) ജനകീയാസൂത്രണത്തിന്റെ ചില പ്രവർത്തനങ്ങൾ ഗവേഷണ സ്ഥാപനങ്ങളുടെയും ഗവേഷകരുടെയും ആഭിമുഖ്യത്തിൽ വിലയിരുത്തൽ നടത്തുന്നുണ്ട്. പഠനം പൂർത്തിയായിട്ടില്ലാത്തതിനാൽ വിശദവിവരം നൽകുവാൻ കഴിയുകയില്ല.

98 (2254) ജനകീയാസൂത്രണ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം മൂന്നാം വർഷപദ്ധതി തുക യഥാവസരം വിനിയോഗിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മൂന്നാം വർഷ പദ്ധതിയുടെ ഒന്നാം ഗഡു തുക എപ്പോഴാണ് വിതരണം ചെയ്തതെന്നു അറിയിക്കുമോ;

(ഡി) തുക അനുവദിക്കുന്നതിനുള്ള കാലതാമസം പദ്ധതി നിർവ്വഹണത്തിലും ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly